(ബി) 2001 മുതൽ 2006 വരെ ഓരോ വർഷവും കേന്ദ്രാവിഷ്കൃത പദ്ധതികൾ ഓരോന്നിലും സംസ്ഥാനത്തിനർഹമായ മുഴുവൻ തുകയും ചെലവഴിക്കുവാൻ സാധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ വിശദമാക്കാമോ;

(സി) ടി കാലയളവിൽ സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃതവും സംസ്ഥാനാവിഷ്കൃതവുമായ പദ്ധതികൾ ഓരോന്നിന്റെയും കാര്യത്തിൽ ചെലവഴിക്കാൻ കഴിയാതെ ലാപ്സായിപ്പോയ തുകയെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2002-2003 വർഷത്തിൽ പട്ടികജാതി വികസനവകുപ്പ് മുഖേന നടപ്പാക്കിയ ട്രെയിനിംഗ് പദ്ധതികളുടെ നടപടിക്രമങ്ങളിൽ ക്രമക്കേടുകൾ ഉണ്ടായതായി ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് പ്രസ്തുത ട്രെയിനിംഗ് പരിപാടികൾ നിർത്തലാക്കുകയും ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിവരികയുമാണ്.

(ബി) പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ഫണ്ട് ലഭ്യമാകുന്നതിനുള്ള കാലവിളംബമാണ് മുഖ്യകാരണം.

(സി) വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ ക്ഷേമ പദ്ധതികൾ

129. [129] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും യുവജന സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പീരുമേട് താലൂക്കിൽ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നും എന്തെല്ലാം വികസന പദ്ധതികളും ക്ഷേമ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഓരോന്നിനും അനുവദിച്ചതും ചെലവഴിച്ചതുമായ തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) പുതുതായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) 2001 മേയ് മാസം മുതൽ പട്ടികവർഗ്ഗ വികസനവകുപ്പ്, പട്ടികജാതി വികസന വകുപ്പ് എന്നിവ മുഖേന പീരുമേട് താലൂക്കിൽ നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധം ഒന്നും രണ്ടുമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പട്ടികവർഗ്ഗ വികസന വകുപ്പിൽ കുമിളി ട്രൈബൽ കോളനി റോഡ് നിർമ്മാണത്തിനും ടാറിംഗിനുമായി നടപ്പുവർഷം കോർപ്പസ് ഫണ്ടിൽപ്പെടുത്തി 14.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി അഴുത ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കുമിളി ട്രൈബൽ സെറ്റിൽമെന്റിൽ ഭവന നിർമ്മാണം, വീടുകളുടെ അറ്റകുറ്റ പണികൾക്ക് ധനസഹായം, കുടിവെള്ളപദ്ധതി എന്നിവയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പട്ടികജാതി വികസനവകുപ്പ്, പീരുമേട് താലൂക്കിലെ പട്ടികജാതിക്കാർക്ക് മാത്രമായി പ്രത്യേകം പദ്ധതികളൊന്നും പുതുതായി ആവിഷ്കരിച്ചിട്ടില്ല. സംസ്ഥാനതലത്തിൽ നടപ്പാക്കുന്ന എല്ലാ പദ്ധതികളും പീരുമേട് താലൂക്കിന് ബാധകമാക്കുന്നുണ്ട്.

പട്ടികജാതി–പട്ടികവർഗ്ഗ വികസനവകുപ്പ് നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതി

130. [130] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും യുവജനസാംസ്കാരികകാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പട്ടികജാതി–പട്ടികവർഗ്ഗ വികസനവകുപ്പ് നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ ധനസഹായപദ്ധതിയുടെ സഹായത്തിനായി ഇതിനകം അപേക്ഷിച്ച എത്ര പേർക്ക് ഇനിയും സഹായം ലഭ്യമാക്കേണ്ടതായിട്ടുണ്ട്;

(ബി) ഇതിനായി തന്നാണ്ടിൽ എത്രതുക ചെലവഴിക്കാൻ ബാക്കി നിൽപ്പുണ്ട്;

(സി) ധനസഹായ വിതരണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പദ്ധതിപ്രകാരം ധനസഹായത്തിനർഹരായ എല്ലാവർക്കും ഈ വർഷം തന്നെ സഹായം ലഭ്യമാക്കാൻ കഴിയുമോ;

(ഇ) പണി ആരംഭിച്ച എത്രവീടുകൾക്ക് പണിപൂർത്തിയാക്കാൻ ഇനിയും പണം തൽകാനായി ബാക്കി നിൽപ്പുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) മുൻ വർഷങ്ങളിൽ അനുവദിച്ചതും എന്നാൽ പൂർത്തിയാകാത്തതുമായ വീടുകൾ പൂർത്തിയാക്കുന്നതിനായി നടപ്പുവർഷം പട്ടികജാതി വികസനവകുപ്പ് 9 കോടി രൂപയും പട്ടികവർഗ്ഗ വികസനവകുപ്പ് ഒരു കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ 44.39 ലക്ഷം രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്. പട്ടികജാതി വികസനവകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly